ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: തിരുവിതാംകൂറിലെ എല്ലാ സ്കൂളുകളിലേയും സ്റ്റാൻഡാർഡ് ഒരു പോലെ ഇരിക്കണമെന്നു് ഗവണ്മെൻറ് വിചാരിക്കുന്നില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വിചാരിക്കുന്നുണ്ടു്. ഈ ഒരു സ്കൂളിൻറെ കാര്യത്തിൽ മാത്രം ഡയറക്ടർ അങ്ങനെ ഒരു തീരുമാനം ചെയ്തു എന്നേയുള്ളൂ.

PROCEEDINGS OF THE DIRECTOR OF PUBLIC INSTRUCTION TRAVANCORE-COCHIN, TRIVANDRUM

Wholesale promotion in Form V in the S. D. V. E. H. S., Alleppey

Read:—1. Petition from Sri. K. Ramakrishna Pillai, B.A., LL.B., M.L.A., Alleppey, dated 7th June 1950.

2. Read again letter No. 1310/III, dated 22nd May 1950 from the Division Inspector, Thiruvella.

Order dated 7th June 1950 D.Dis. 15567/50.

Sanction is accorded to promote all pupils of Form V in the S. D. V. E. H. School, Alleppey as a special case, without considering the marks obtained by them in Hindi.

Sd.
For Director

To

Sri. K. Ramakrishna Pillai, B.A., LL.B., M.L.A., Alleppey.
The Headmaster, S. D. V. E. H. School, Alleppey.
The Division Inspector of Schools, Thiruvella in continuation of this office order L.Dis. 14537/50, dated 2nd June 1950.

Copy of letter dated 7th June 1950 from Sri. K. Ramakrishna Pillai B. A., LL. B., M.L.A., Alleppey, to the Director of Public Instruction, Trivandrum, Sir,

It has been brought to my notice that some of the pupils in form V of the S. D. V. E. H. School, Alleppey, were not given promotion to form VI as they did not secure the minimum of marks fixed for Hindi in the annual examination, 1950.

I write to inform you that it is too early to deprive the candidates from getting their promotion, because of this count. Moreover it was the practice in this school to give wholesale promotion in this school in previous years.

In these circumstances I request that necessary orders may be issued to the Headmaster, S. D. V. E. H. School, Alleppey, to promote all pupils of Form V without considering the marks obtained by them in Hindi.

Thanking you in anticipation,
I remain, etc.,
Sd.

തിരുവിതാംകൂറിലേയും കൊച്ചിയിലേയും വിദ്യാഭ്യാസം

* ര൯൯. (ക) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂറിലും കൊച്ചിയിലും വിദ്യാഭ്യാസസംബന്ധമായി ഒരു സിലബസ്സു് തന്നെയാണോ; അതോ വല്ല വ്യത്യാസവും ഉണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ അതിനു കാരണമെന്തു്?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) അല്ല. ചില ക്ലാസുകളിൽ വ്യത്യാസമുണ്ടു്.

(ബി) ഒരു സാമാന്യമായ പാഠപദ്ധതി തിരുവിതാംകൂർ വിഭാഗത്തിലേയ്ക്കും കൊച്ചി വിഭാഗത്തിലേക്കും നടപ്പിൽ വരുത്തുന്നതുവരെ ഈ വ്യത്യാസം നിലനിൽക്കും.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അങ്ങനെ നടപ്പിൽ വരുത്തുന്നതിനു് വിചാരിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ചില ക്ലാസുകളിൽ നടപ്പിലാക്കിയിട്ടുണ്ടു്. മറ്റു ക്ലാസുകളുടെ കാര്യങ്ങൾക്കു് രണ്ടു മൂന്നു കമ്മിറ്റികൾ നിയമിച്ചിട്ടുണ്ടു്. അവരുടെ തീരുമാനം കുറച്ചു ദിവസത്തിനകം ഉണ്ടാകും.

ശ്രീ. എ. താണുപിള്ള: ഏതെല്ലാം ക്ലാസുകളിലെ സിലബസ് ഒന്നാക്കിയിട്ടുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഫോർത്തു ഫാറത്തിലേയും ഫിഫ്ത്തു ഫാറത്തിലേയും. ബാക്കി ക്ലാസുകളിലെ സിലബസ് ഏകീകരിച്ചു വരുന്നേയുള്ളൂ.

ശ്രീ. മാന്നാർ ഗോപാലൻ നായർ: സംയോജനത്തിനു് ശേഷവും തിരുവിതാംകൂറിലും കൊച്ചിയിലും പഠിപ്പിക്കുന്ന ഭൂമിശാസ്ത്രവും ചരിത്രവും പ്രത്യേകമാണെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ചില നിശ്ചിത പാഠപുസ്തകങ്ങൾ അനുസരിച്ചാണു് പഠിപ്പിക്കുന്നതു്.

ശ്രീ എ. താണുപിള്ള: തിരുവിതാംകൂറും കൊച്ചിയും ഒരുമിച്ചു ചേർത്തുള്ള ഭൂപടങ്ങൾ തയാറാക്കിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടു്.

ശ്രീ. എ. താണുപിള്ള: അതു് വിലയ്ക്കു കിട്ടുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വിലയ്ക്കു കിട്ടും.

കൊച്ചിയിലെ കോളേജുകൾ

†*൪൦൦. (൧൧) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സംയോജനത്തിനു മുൻപു് കൊച്ചിയിലെ കോളേജുകൾ തിരുവിതാംകൂർ യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റു് ചെയ്യുന്നതിനു വല്ല നടപടിയും നടത്തിയിട്ടുണ്ടോ;

(ബി) സംയോജനത്തിനുശേഷം വല്ല നടപടിയും നടത്തിയിട്ടുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉവ്വു്.

(ബി) ഉവ്വു്.

†Answer to this question was laid on the table, the questioner having exhausted his quota.

LIBRARY ARCHIVES Kerala Legislative Assembly